**പതിനാലാം കേരള നിയമസഭ**

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2016-2019)

**ഒന്നാമത് റിപ്പോർട്ട്**

(2017 മേയ് 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2017

പതിനാലാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2016-2019)

## ഒന്നാമത് റിപ്പോർട്ട്

(2017 മേയ് 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണം സംബന്ധിച്ച്)**

803/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1-6 |
| അനുബന്ധം | .. | 7-9 |

## ഘടന

<u>അദ്ധ്യക്ഷൻ</u>:

ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.

<u>അംഗങ്ങൾ</u>:

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.

ശ്രീ. ഹൈബി ഈഡൻ, എം.എൽ.എ.

ശ്രീ. കെ. രാജൻ, എം.എൽ.എ.

ശ്രീ. ആർ. രാജേഷ്, എം.എൽ.എ.

ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.

ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

ശ്രീ. എം. സ്വരാജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങളിൽ സർക്കാരിന് നേരിട്ട് നിയന്ത്രണമില്ലാത്തതിനാൽ സംവരണക്രമം പാലിക്കാതെ നിയമനം നടത്തുന്നത് സംബന്ധിച്ച് ധാരാളം പരാതികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് സമിതി തീരുമാനിക്കുകയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2017 മേയ് മാസം 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 മേയ് 18.

 റ്റി. വി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

ഒരു രാജ്യത്തിന്റെ ഭാവി ഭാഗധേയം സ്കൂൾ ക്ലാസ് മുറികളിലൂടെയാണ് നിർണ്ണയിക്കപ്പെടുന്നത് എന്ന അർത്ഥവത്തായ കാഴ്ചപ്പാട് നിലനിൽക്കുമ്പോഴും മഹത്തായ ഈ പ്രക്രിയയിൽ ഭാഗഭാക്കാകാനുള്ള അവസരം സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രാപ്യമാകാത്ത അവസ്ഥയ്ക്ക് കേരളപ്പിറവിയുടെ ആറ് ദശകങ്ങൾ പിന്നിട്ടിട്ടും പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നത് ദുഃഖകരമായ അവസ്ഥയാണ്. ഇത്തരമൊരവസ്ഥയ്ക്ക് കാരണം സംസ്ഥാനത്തെ ഭൂരിപക്ഷം സ്കൂളുകളും മാനേജ്മെന്റ് സ്കൂളുകളാണ് എന്നുള്ളതാണ്. സാമ്പത്തികമായും സാമൂഹ്യമായും രാഷ്ട്രീയമായും വൻ സ്വാധീനശക്തിയുള്ള വിഭാഗങ്ങളുടെ പരിപൂർണ്ണ നിയന്ത്രണത്തിലാണ് മാനേജ്മെന്റ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നത്. സർക്കാരിന്റെ ബഡ്ജറ്റ് സപ്പോർട്ടോടുകൂടി പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാത്രമേ സംസ്ഥാനത്ത് നിലനിൽക്കുന്ന സാമൂഹിക പിന്നോക്ക അവസ്ഥയും സംവരണ തത്വവും പരിഗണിച്ച് നിലവിലെ പൊതു നിയമങ്ങളുടെ ചട്ടക്കൂടിനകത്തേയ്ക്ക് കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ. ആയതിലൂടെ സംസ്ഥാനത്ത് യുവാക്കളായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ രാഷ്ട്രനിർമ്മാണ പ്രക്രിയയുടെ ഭാഗമാക്കാനുള്ള സമിതിയുടെ പരിശ്രമമാണ് ഈ റിപ്പോർട്ടിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

2. കേരളത്തിലെ യുവജനങ്ങൾ ഇന്ന് പ്രധാനമായും നേരിടുന്ന വെല്ലുവിളി തൊഴിലില്ലായ്മയാണ്. യുവജനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന തൊഴിലില്ലായ്മ അവരുടെ സാമൂഹ്യസാമ്പത്തിക മുന്നേറ്റത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നു. വിവിധ മേഖലകളിൽ വളരെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ടെങ്കിലും അവ നേടിയെടുക്കുന്നതിൽ പ്രസ്തുത വിഭാഗക്കാരുടെ പിന്നോക്കാവസ്ഥ കാരണം സാധ്യമാകാറില്ല എന്നത് വസ്തുതയാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പിന്നോക്കാവസ്ഥ മറികടക്കുന്നതിന് ഉതകുമാറ് അവരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിലേക്കായി തൊഴിൽ മേഖലകളിൽ ടി വിഭാഗക്കാർക്ക് അർഹമായ സംവരണം ഉറപ്പാക്കേണ്ടതുണ്ട്.

3. കേരളത്തിൽ വളരെയധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന മേഖലയാണ് വിദ്യാഭ്യാസ മേഖല. വിദ്യാഭ്യാസ മേഖലയിൽ എയ്ഡഡ് സ്ഥാപനങ്ങൾക്ക് പ്രബലമായ സ്ഥാനമുണ്ട്. എന്നാൽ കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം വളരെ കുറവാണെന്ന ആക്ഷേപം സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. കൂടാതെ അദ്ധ്യാപക /അനദ്ധ്യാപക നിയമനങ്ങൾ സംബന്ധിച്ചും അനവധി പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി.

4. ഈ സാഹചര്യത്തിലാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾ തൊഴിൽ മേഖലയിൽ അഭിമുഖീകരിക്കുന്ന പ്രശ്നമെന്ന നിലയിൽ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അവരുടെ പ്രാതിനിധ്യം സംബന്ധിച്ച് സമിതി പഠനം നടത്തുവാൻ തീരുമാനിച്ചത്. പ്രസ്തുത പഠനത്തിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകൾ, അദ്ധ്യാപനം നടത്തുന്ന ജീവനക്കാർ, എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പ്രാതിനിധ്യം, അവരുടെ നിയമന രീതി എന്നിവ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥരിൽ നിന്നും 18-1-2017-ൽ തെളിവെടുപ്പ് നടത്തിയതിന്റെയും വകുപ്പ് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിന്റെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അദ്ധ്യാപകനിയമനങ്ങളല്ലാതെ ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും അദ്ധ്യാപനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും തെളിവെടുപ്പ് വേളയിൽ ഉയർന്നുവന്ന പൊതുവായ ചില അഭിപ്രായങ്ങളും സമിതി നിർദ്ദേശങ്ങളും കൂടി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. സംസ്ഥാനത്ത് നിലവിൽ 3886 എയ്ഡഡ് എൽ.പി.സ്കൂളുകളും 1848 എയ്ഡഡ് യു.പി.സ്കൂളുകളും 1406 ഹൈസ്കൂളുകളും ഉൾപ്പെടെ ഡി.പി.ഐ.യുടെ കീഴിൽ 7140 എയ്ഡഡ് സ്കൂളുകളാണ് പ്രവർത്തിച്ചുവരുന്നത്. കെ.ഇ.ആക്ടും റൂളും അനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്തുന്നതിനുള്ള അധികാരം മാനേജർക്കാണ്. ഹൈസ്കൂൾ വരെയുള്ള എയ്ഡഡ് സ്കൂളുകളിൽ മാനേജർക്ക് ഒരു അദ്ധ്യാപകനെ നിയമിക്കണമെങ്കിൽ രേഖകൾ സഹിതം എ.ഇ.ഒ.യ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ച് ഉദ്യോഗാർത്ഥിയുടെ ക്വാളിഫിക്കേഷൻ, പ്രവർത്തന പരിചയം എന്നിവ പരിഗണിച്ചശേഷം നിയമനം നൽകുന്ന രീതിയാണ് നിലവിലുള്ളതെന്നും നിയമനങ്ങളിൽ യാതൊരു സംവരണതത്വവും പാലിക്കാറില്ലെന്നും സമിതിക്ക് തെളിവെടുപ്പ് വേളയിൽ മനസ്സിലാക്കുവാൻ സാധിച്ചു.

6. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള 2016-ലെ കണക്കനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ 7140 എയ്ഡഡ് സ്കൂളുകളാണുള്ളത്. അതിൽ എൽ.പി. വിഭാഗത്തിൽ 33851, യു.പി. വിഭാഗത്തിൽ 30136 ഹൈസ്കൂൾ വിഭാഗത്തിൽ 33537, അങ്ങനെ ആകെ 97,524 അദ്ധ്യാപകർ ജോലി നോക്കുന്നു. അതിൽ പട്ടികജാതി വിഭാഗക്കാരായുള്ള അദ്ധ്യാപകർ 378 ഉം പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർ 75 ഉം ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അനദ്ധ്യാപക വിഭാഗത്തിൽ പട്ടിക ജാതിയിൽപ്പെട്ടവർ 161 ഉം പട്ടികവർഗ്ഗ വിഭാഗത്തിൽ 43 പേരുമാണുള്ളത്. പട്ടികജാതി വിഭാഗത്തിൽ ഏറ്റവും കൂടുതൽ അദ്ധ്യാപകരുള്ളത് ഇടുക്കി ജില്ലയിലും ഏറ്റവും കുറവുള്ളത് വയനാട് ജില്ലയിലുമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ കോട്ടയത്താണ് ഏറ്റവും കൂടുതൽ

അദ്ധ്യാപകരുള്ളത്. എന്നാൽ കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിൽ പ്രസ്തുത വിഭാഗത്തിൽ അദ്ധ്യാപകരില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത് (അനുബന്ധം).

7. ഹയർ സെക്കന്ററിയിൽ ആകെ 850 എയ്ഡഡ് സ്കൂളുകളിലായി ഏകദേശം 13500 അദ്ധ്യാപകരാണുള്ളത്. മാനേജർ, ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽ, ഒരു ഗവൺമെന്റ് പ്രതിനിധി, സബ്ജക്ട് എക്സ്പെർട്ട് എന്നിവർ അടങ്ങുന്ന സെലക്ട് കമ്മിറ്റിയാണ് അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നത്. ഇന്റർവ്യൂ നോംസ് സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ ഇന്റർവ്യൂവിന് പ്രത്യേക മാർക്ക് വേണമെന്ന നിബന്ധന ഇല്ലാത്തതിനാൽ ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത ഉറപ്പു വരുത്തുന്നത് മാത്രമാണ് ഗവൺമെന്റ് പ്രതിനിധി അടങ്ങുന്ന ഇന്റർവ്യൂ ബോർഡ് ചെയ്യുന്നതെന്നും കെ.ഇ.ആക്ടും റൂളും അനുസരിച്ച് എയ്ഡഡ് സ്കൂളുകളിലെ നിയമനാധികാരം മാനേജരിൽ നിക്ഷിപ്തമാണെന്നും അവിടെ യാതൊരു സംവരണ തത്വങ്ങളും പാലിക്കപ്പെടുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. അദ്ധ്യാപക നിയമനത്തിനായി സെലക്ട് കമ്മിറ്റിയിലെ ഗവൺമെന്റ് പ്രതിനിധിയുടെ ആവശ്യകത കേവലം ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത ഉറപ്പുവരുത്തുന്നതിലേക്കായി മാത്രം ഒതുക്കിയിരിക്കുന്നത് തീർത്തും ആശാസ്യമല്ല എന്ന് സമിതി വിലയിരുത്തുന്നു.

8. വർഷാവർഷം അനേകം നിയമനങ്ങൾ നടക്കാറുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണതത്വം ഒട്ടുംതന്നെ പാലിക്കപ്പെടുന്നില്ലെന്നതും സാമൂഹ്യ വ്യവസ്ഥിതിക്കനുസൃതമായ സംവരണതത്വം ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ലെന്നതും ശക്തമായ നീതിനിഷേധമാണെന്നും പ്രസ്തുത വിഭാഗങ്ങളോടുള്ള കടുത്ത അവഗണനയാണെന്നും സമിതി നിരീക്ഷിക്കുന്നു.

9. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന് , പ്രത്യേകിച്ച് ഹയർ സെക്കന്ററി സ്കൂളുകളിൽ, അദ്ധ്യാപകരോടൊപ്പം അനദ്ധ്യാപകരുടെയും സേവനം അത്യന്താപേക്ഷിതമാണ് എന്നിരിക്കെ ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റ് തസ്തിക മാത്രമാണ് അനദ്ധ്യാപക തസ്തികയായുള്ളതെന്ന് തെളിവെടുപ്പ് വേളയിൽ വകുപ്പ് സമിതിയെ അറിയിച്ചു.

10. എയ്ഡഡ് സ്ഥാപനങ്ങളിലെ ഗസ്റ്റ് നിയമനങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുന്നതായി വകുപ്പ് സമിതിയെ തെളിവെടുപ്പ് വേളയിൽ അറിയിക്കുകയുണ്ടായി. തസ്തിക നഷ്ടംമൂലം അധികം വന്ന അദ്ധ്യാപകരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അദ്ധ്യാപക ബാങ്കിൽ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള അദ്ധ്യാപകർ ഉണ്ടെങ്കിലും സർക്കാർ മേഖലയിലുള്ളവരെ എയ്ഡഡ് സ്ഥാപനങ്ങളിലേക്ക് നിയമിക്കാറില്ല. എന്നാൽ എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരെ

സർക്കാർ സ്കൂളുകളിൽ നിയമിക്കാറുണ്ട്. മാനേജ്മെന്റ് സ്കൂളുകളിലെ നിയമനങ്ങളിൽ നേരിട്ടുള്ള നിയമനവും അദ്ധ്യാപക ബാങ്കിൽ നിന്നുള്ള നിയമനവും 1:1 എന്ന അനുപാതത്തിലാണ് നടത്തുന്നതെന്നും സമിതി മനസ്സിലാക്കുന്നു. അദ്ധ്യാപക ബാങ്കിൽ നിന്നും പി.എസ്.സി. മുഖേനയല്ലാതെ വരുന്ന അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ നിയമിക്കുന്നത് സർക്കാർ സ്കൂളുകളിലെ സംവരണതത്വത്തെയും പ്രതികൂലമായി ബാധിക്കുന്നതായി സമിതി വിലയിരുത്തുന്നു.

11. അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട അദ്ധ്യാപകരുടെ സേവനം നിലവിൽ എസ്.എസ്.എയുടെ പ്രോഗ്രാം ഓഫീസർമാരായും കോ-ഓർഡിനേറ്റർമാരായും പരിമിതപ്പെടുത്തിയിരിക്കുകയാണ് എന്ന് സമിതി മനസ്സിലാക്കുന്നു. അവരുടെ സേവനം പ്രയോജനപ്പെടത്തക്ക രീതിയിൽ കാര്യക്ഷമമായ പദ്ധതികൾ ഒന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തുകയുണ്ടായി.

12. കടുത്ത മത്സര പരീക്ഷകൾ ഉള്ള കാലഘട്ടത്തിലൂടെയാണ് കുട്ടികൾ കടന്നു പോകുന്നത്. ഹൈസ്കൂൾ, പ്ലസ് ടു തലങ്ങളിൽ വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവർക്ക് മാത്രമേ പ്രൊഫഷണൽ വിദ്യാഭ്യാസമുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് അർഹത ലഭിക്കുന്നുള്ളൂ. വിവിധ മത്സരപരീക്ഷകളിൽ ഉന്നത വിജയം നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നതിലേക്കായി അദ്ധ്യാപക ബാങ്കിലെ അദ്ധ്യാപകരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് സമിതി കരുതുന്നു.

13. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് യോഗ്യതയുള്ള അദ്ധ്യാപകരെ തന്നെയാണ് നിയമിക്കാറുള്ളത്. എന്നാൽ മൈനോറിറ്റി സ്റ്റാറ്റസുള്ള സ്ഥാപനങ്ങളിൽ അവരുടെ സീനിയോറിറ്റി മാനദണ്ഡങ്ങൾ പാലിക്കാതെ തന്നെ മാനേജർക്ക് താൽപ്പര്യമുള്ളവരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുവാൻ സാധിക്കുന്നു. 12 വർഷത്തെ മിനിമം സർവ്വീസുള്ള ഏറ്റവും ജൂനിയറായ ആളിനെപ്പോലും ന്യൂനപക്ഷ മാനേജ്മെന്റിന് ഹൈസ്കൂൾ തലം വരെയുള്ള ഹെഡ്മാസ്റ്റർ തസ്തികയിൽ നിയമിക്കാൻ സാധിക്കുമെന്നും മിനിമം സർവ്വീസ് പിരീഡ് ഇല്ലാത്ത ഒരദ്ധ്യാപകനെ പോലും താൽക്കാലികമായി ഹെഡ്മാസ്റ്ററായി നിയമിക്കുന്നതിന് ന്യൂനപക്ഷ സ്ഥാപനങ്ങളിലെ മാനേജർക്ക് സാധിക്കുമെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു.

14. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ തസ്തികയിലേക്ക് 12 വർഷം സർവ്വീസുള്ള സീനിയർ അദ്ധ്യാപകനെയാണ് സ്ഥാനക്കയറ്റം നൽകി നിയമിക്കാറുള്ളത്. പ്രസ്തുത അദ്ധ്യാപകന്റെ അഭാവത്തിൽ ഹയർ സെക്കന്ററി തലത്തിലും ഹൈസ്കൂൾ തലത്തിലും 6 വർഷം വരെ സർവ്വീസുള്ള അദ്ധ്യാപകരെയാണ് പ്രിൻസിപ്പലായി സ്ഥാനക്കയറ്റം നൽകി നിയമിച്ചു വരുന്നത്. എന്നാൽ മൈനോറിറ്റി സ്റ്റാറ്റസുള്ള സ്കൂളുകളിൽ മാനേജർക്ക് താൽപ്പര്യമുള്ള അദ്ധ്യാപകരെ പ്രിൻസിപ്പലായി സ്ഥാനക്കയറ്റം നൽകി നിയമനം നൽകുവാൻ സാധിക്കുമെന്ന് വകുപ്പ് സമിതിയെ അറിയിച്ചു. ഇത്തരം സ്ഥാനക്കയറ്റത്തിൽ സംവരണം ഒരു മാനദണ്ഡമേ അല്ലെന്ന് സമിതി മനസ്സിലാക്കുന്നു.

15. സർവ്വ ശിക്ഷാ അഭിയാൻ വഴി സ്പെഷ്യൽ ടീച്ചേഴ്സ് തസ്തികകളിൽ ഒരു വർഷത്തേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നൽകുന്നുണ്ട്. ഹൈസ്കൂൾ തലം വരെ ആവശ്യമായ കായിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെങ്കിലും ഹയർ സെക്കന്ററി വിഭാഗത്തിൽ നിയമിച്ചിട്ടില്ല. ഹയർ സെക്കന്ററിയിൽ കായിക പരിശീലനത്തിനായി ആഴ്ചയിൽ നീക്കിവച്ചിട്ടുള്ള രണ്ട് പിരീഡിലും ഹൈസ്കൂളിലെ കായിക അദ്ധ്യാപകർ തന്നെ പരിശീലിപ്പിക്കണമെന്നാണ് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കുട്ടികളുടെ കായിക വികാസത്തിന് ആവശ്യമായ സംവിധാനം ഒരുക്കേണ്ടത് അനിവാര്യമാണെന്നും ഹയർ സെക്കന്ററിയിൽ ആഴ്ചയിൽ നാല് പിരീഡെങ്കിലും കായിക പരിശീലനത്തിനായി നീക്കിവയ്ക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

16. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിലെ അദ്ധ്യാപക നിയമനങ്ങളെക്കുറിച്ചുള്ള ചർച്ചാ വേളയിൽ ടി സ്കൂളുകളിലെ പ്രവർത്തനം നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചും സമിതി ഉദ്യോഗസ്ഥരോട് ആരാഞ്ഞു. സ്കൂളുകളിൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ എന്നിങ്ങനെ രണ്ട് അധികാര കേന്ദ്രങ്ങൾ നിലനിൽക്കുന്നതിനാൽ സ്കൂളിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ ഇത് തർക്കങ്ങൾക്ക് കാരണമാകാറുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് പരിഹരിക്കുന്നതിനായി കുട്ടികൾ പത്താം ക്ലാസ്സ് വരെ പഠിച്ച സ്കൂളിൽ തന്നെ അവരുടെ താൽപ്പര്യമനുസരിച്ച് പതിനൊന്നാം ക്ലാസിലേക്ക് പ്രവേശനം നൽകുവാൻ സാധിക്കുമെങ്കിൽ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളെ ഒറ്റ യൂണിറ്റായി കണക്കാക്കുവാൻ സാധിക്കും. എങ്കിൽ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിങ്ങനെ രണ്ട് തസ്തികകൾ ആവശ്യമായി വരുകയില്ലെന്ന് സമിതി നിർദ്ദേശിക്കുന്നു.

17. എല്ലാ തൊഴിൽ മേഖലകളിലും പ്രായോഗിക പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന നൽകുന്ന ഈ കാലഘട്ടത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യമുണ്ട്. ആയതിനാൽ തന്നെ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം നേടുന്നതിന് വിദ്യാർത്ഥികൾ ഏറെ തത്പരരും ആണ്. എന്നാൽ, വിദ്യാർത്ഥികളുടെ ആവശ്യത്തിന് അനുസരിച്ച് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ സർക്കാർ മേഖലയിൽ ഇല്ല എന്നത് ഖേദകരമാണ്. പുതിയ കാലഘട്ടത്തിന്റെ ആവശ്യകതകൾക്ക് അനുസരിച്ച് വിവിധ തരം തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സമിതി നടത്തിയ ചർച്ചകളിൽ നിന്നും ബോധ്യമായിട്ടുണ്ട്.

18. വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷനുകീഴിലെ 389 വൊക്കേഷണൽ ഹയർസെക്കന്ററി സ്ഥാപനങ്ങളിലായി 128 എയ്ഡഡ് സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. അതിൽ 2298 പേർ വിവിധ കാറ്റഗറികളിലായി ജോലി ചെയ്ത് വരുന്നു. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം ഹയർ സെക്കന്ററിക്ക് താഴെയാണെന്ന ധാരണ നിലനിൽക്കുന്നതിനാൽ പ്രസ്തുത സ്ഥാപനത്തിന് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. മേൽപ്പറഞ്ഞ രണ്ട് വിഭാഗങ്ങളും ഒറ്റയൂണിറ്റായി മാറ്റേണ്ടതാണെന്നും സെൻട്രൽ എയ്ഡ് നിലവിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററിക്കുവേണ്ടി പ്രത്യേകമായ ഒരു ഡിപ്പാർട്ട്മെന്റിന്റെ ആവശ്യമില്ലെന്നും സമിതി കരുതുന്നു.

സമിതിയുടെ ശിപാർശകൾ ചുവടെ ചേർക്കുന്നു :

1. സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ സർക്കാർ സ്കൂളുകളിലേതുപോലെ സംവരണതത്വം പാലിക്കപ്പെടണമെന്നും സർക്കാർ സ്ഥാപനത്തിലെന്നപോലെ എയ്ഡഡ് സ്കൂളുകളിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ അർഹമായ പ്രാതിനിധ്യം ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ എല്ലാ നിയമനങ്ങൾക്കും ഒരു പൊതുനിയമം ബാധകമാക്കുന്നതിനായി എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന ആക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. പ്രൊമോഷൻ തസ്തികകളായ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നീ ഉന്നത തസ്തികകളിലേക്കുള്ള നിയമനങ്ങളിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണം ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. മൈനോറിറ്റി സ്റ്റാറ്റസുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീനിയോറിറ്റി, യോഗ്യത എന്നീ പൊതു മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ നിയമനങ്ങൾ/സ്ഥാനക്കയറ്റം എന്നിവ നടത്തണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

6. ഹയർ സെക്കന്ററി സ്കൂളുകളിൽ അനദ്ധ്യാപക തസ്തികകൾ നാമമാത്രമായതിനാൽ സ്കൂളുകളുടെ മികച്ച പ്രവർത്തനത്തിന് സഹായകരമാകുന്ന രീതിയിൽ ആവശ്യമായ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് സംവരണ പ്രകാരം നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

 റ്റി. വി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മേയ് 18.

അനുബന്ധം

# NUMBER OF ST TEACHERS IN AIDED SCHOOLS

| DIST | ST TEACHERS | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | HIGH SCHOOLS | | | UP SCHOOLS | | | LP SCHOOLS | | | GRAND TOTAL | | |
| | Male | Female | Total | Male | Female | Total | Male | Female | Total | Male | Female | Total |
| TVM | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 3 | 0 | 3 | 3 |
| KLM | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| PTA | 0 | 4 | 4 | 0 | 0 | 0 | 2 | 2 | 4 | 2 | 6 | 8 |
| ALP | 1 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 |
| KTM | 0 | 4 | 4 | 0 | 3 | 3 | 2 | 16 | 18 | 2 | 23 | 25 |
| IDY | 0 | 1 | 1 | 2 | 2 | 4 | 0 | 10 | 10 | 2 | 13 | 15 |
| EKM | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| TSR | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| PKD | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 0 | 1 | 1 |
| MPM | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| KKD | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 0 | 1 | 1 |
| WYD | 0 | 0 | 0 | 1 | 3 | 4 | 1 | 2 | 3 | 2 | 5 | 7 |
| KNR | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| KGD | 4 | 2 | 6 | 0 | 0 | 0 | 1 | 7 | 8 | 5 | 9 | 14 |
| **TOTAL** | **5** | **11** | **16** | **3** | **10** | **13** | **6** | **40** | **46** | **14** | **61** | **75** |

# NUMBER OF SC TEACHERS IN AIDED SCHOOLS 2015-16

| DIST | SC TEACHERS | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | HIGH SCHOOLS | | | UP SCHOOLS | | | LP SCHOOLS | | | GRAND TOTAL | | |
| | Male | Female | Total | Male | Female | Total | Male | Female | Total | Male | Female | Total |
| TVM | 1 | 2 | 3 | 0 | 4 | 4 | 6 | 15 | 21 | 7 | 21 | 28 |
| KLM | 1 | 1 | 2 | 1 | 2 | 3 | 2 | 3 | 5 | 4 | 6 | 10 |
| PTA | 9 | 14 | 23 | 0 | 3 | 3 | 5 | 20 | 25 | 14 | 37 | 51 |
| ALP | 3 | 1 | 4 | 0 | 1 | 1 | 0 | 1 | 1 | 3 | 3 | 6 |
| KTM | 1 | 0 | 1 | 4 | 3 | 7 | 1 | 8 | 9 | 6 | 11 | 17 |
| IDY | 4 | 6 | 10 | 1 | 12 | 13 | 22 | 52 | 74 | 27 | 70 | 97 |
| EKM | 3 | 3 | 6 | 0 | 3 | 3 | 1 | 5 | 6 | 4 | 11 | 15 |
| TSR | 3 | 8 | 11 | 3 | 4 | 7 | 0 | 0 | 0 | 6 | 12 | 18 |
| PKD | 2 | 6 | 8 | 6 | 1 | 7 | 6 | 9 | 15 | 14 | 16 | 30 |
| MPM | 5 | 3 | 8 | 10 | 5 | 15 | 6 | 4 | 10 | 21 | 12 | 33 |
| KKD | 6 | 1 | 7 | 5 | 9 | 14 | 3 | 2 | 5 | 14 | 12 | 26 |
| WYD | 0 | 0 | 0 | 0 | 1 | 1 | 1 | 2 | 3 | 1 | 3 | 4 |
| KNR | 2 | 2 | 4 | 0 | 1 | 1 | 3 | 8 | 11 | 5 | 11 | 16 |
| KGD | 3 | 3 | 6 | 1 | 2 | 3 | 4 | 14 | 18 | 8 | 19 | 27 |
| **TOTAL** | **43** | **50** | **93** | **31** | **51** | **82** | **60** | **143** | **203** | **134** | **244** | **378** |

## NON-TEACHING STAFF DETAILS IN AIDED SCHOOLS 2015-16

| Designation | SC | ST |
|---|---|---|
| Senior Clerk | 6 | 0 |
| Clerk | 23 | 3 |
| Office Attendent | 76 | 29 |
| Full Time Menial | 48 | 10 |
| Part Time Contigent Employee | 1 | 1 |
| Ayah | 2 | 0 |
| Cook | 3 | 0 |
| Watchman | 1 | 0 |
| Part Time Menial | 1 | 0 |
| **TOTAL** | **161** | **43** |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.